19
ജൂലൈ 2023
ബുധൻ
Pages- 5
Vol. 2 Issue 167

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

536

## ഉമ്മൻചാണ്ടി സ്പെഷ്യൽ പതിപ്പ്

# കരയുന്ന കേരളം



അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ
പെന്തക്കോസ്ത് സമൂഹം
അനുസ്മരിക്കുന്നു

പേജ്
3,4 കാണുക



# അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ പെന്തക്കോസ്ത് സമൂഹം അനുസ്മരിക്കുന്നു

## ഉമ്മൻ ചാണ്ടിയുടെ ജീവിതം സംസ്ഥാനത്തിനും ക്രിസ്തീയ സമൂഹത്തിനും മാതൃകാപരം: റവ. വത്സൻ ഏബ്രഹാം

**പാസ്റ്റർ ടി. വത്സൻ ഏബ്രഹാം (ഐപിസി, ജനറൽ പ്രസിഡന്റ്)**



അന്തരിച്ച മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി സാറിനു ഇന്ത്യൻ പെന്തക്കോസ്തൽ ദൈവസഭയുടെയും ഞങ്ങളുടെ കുടുംബത്തിന്റെയും പേരിൽ അനുശോചനവും പ്രാർത്ഥനയും സ്നേഹവും രേഖപ്പെടുത്തുന്നു. ഞങ്ങൾ വളരെ ദുഃഖിതരാണ് പ്രിയ ഉമ്മൻ ചാണ്ടി അവർകളുടെ വിയോഗത്തിൽ .ഞങ്ങളുടെ കുടുംബവുമായി പ്രത്യേകിച്ച് എന്റെ പിതാവുമായി വളരെ അടുത്ത സ്നേഹ ബന്ധം പുലർത്തിയിരുന്ന ഒരു വ്യക്തിയായിരുന്നു ശ്രീ ഉമ്മൻ ചാണ്ടി. സഭ കാര്യങ്ങൾക്കായാലും , കുടുംബത്തിന്റെ ആവശ്യങ്ങൾക്കായാലും അദ്ദേഹം എപ്പോഴും സന്നിഹിതനായിരുന്നു . കേരള സംസ്ഥാനത്തിനും അതിലുപരി ക്രിസ്ത്യൻ സമൂഹത്തിനും അദ്ദേഹം നൽകിയ മാതൃകാപരമായ ജീവിതത്തിന് ഞങ്ങൾ വളരെ നന്ദിയുള്ളവരാണ്. പ്രത്യാശയോടെ ഞങ്ങളുടെ സ്നേഹവും പ്രാർത്ഥനയും അറിയിക്കുന്നു.
അദ്ദേഹത്തിന്റെ ഭാര്യ ശ്രീ മറിയാമ്മ ചാണ്ടിയേയും കുടുംബംഗങ്ങളെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രർത്ഥിക്കുന്നു.

## ജനങ്ങളെ സ്നേഹത്തോടെ സേവിച്ച നേതാവ്

**റവ കെ സി ജോൺ,
ജനറൽ കൗൺസിൽ അംഗം**



പലവിധ ആവശ്യങ്ങൾക്കായി സഭയോടുള്ള ബന്ധത്തിൽ മുഖ്യമന്ത്രി ആയിരുന്ന ഉമ്മൻ ചാണ്ടി സാറിനെ പോയി കാണണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ രാത്രിയിലാണ് അദ്ദേഹത്തെ കാണാൻ സാധിച്ചത്. എപ്പോഴും തിരക്കായിരിക്കും ആ വീട്ടിൽ പല ആവശ്യങ്ങൾക്കായി കടന്നു വരുന്നവർ ഞങ്ങൾ ചെല്ലുമ്പോൾ അദ്ദേഹത്തിന്റെ വീടിന്റെ അടുക്കളയോട് ചേർന്ന വാതിൽ തുറന്നിട്ടിരുന്നു. അതിലൂടെയാണ് ഞങ്ങൾ വീടിനുള്ളിൽ കയറിയത്. അവിടെ ആൾക്കൂട്ടത്തിനിടയിൽ ഇരിക്കുമ്പോഴും മുറിക്കകത്തു കൂടി ഞങ്ങളുടെ അടുത്ത് വന്ന് ഞങ്ങൾക്ക് പറയാനുള്ളത് കേൾക്കും. എന്ത് കാര്യമാണെങ്കിലും ശ്രദ്ധയോടെ കേൾക്കുകയും അപേക്ഷകൾ ചെയ്തു തരികയും ചെയ്യും. പവർ വിഷൻ ടിവി ചാനൽ തുടങ്ങി അതിന്റെ സ്നേഹഭവന പദ്ധതിയിൽ ഒന്നാമത്തെ വീട് നിർമ്മിച്ചത് പുതുപ്പള്ളിയിൽ ആയിരുന്നു. അദ്ദേഹമായിരുന്നു അതിന്റെ ഉത്ഘാടനം നിർവഹിച്ചത്. അന്ന് വളരെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ദരിദ്രരായ ആളുകൾ, വീടില്ലാത്തവർ, വിധവകളായവർ ,കെട്ടുറപ്പില്ലാത്ത വീടുള്ളവർ അവരെയൊക്കെ സഹായിക്കുന്നതിനെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു.

കുമ്പനാട് കൺവൻഷനു പല വർഷങ്ങൾ വന്നിട്ടുണ്ട്. ഞാൻ പ്രസംഗിക്കുന്ന രാത്രികളിൽ ആദ്ദേഹം വന്നിട്ടുണ്ട്. മറ്റൊരിക്കൽ അദ്ദേഹം അടുത്തിരുന്ന ബൈബിൾ സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്ന അച്ചനോട് ചോദിച്ചു: 'ഇതെങ്ങനെയാണ് പ്രസംഗം ഇത്ര വേഗത്തിൽ പറയുന്നത് ? ഞങ്ങളൊക്കെ സംസാരിക്കുന്നത് നിർത്തി നിർത്തിയാണ്. ബൈബിളിലെ കാര്യങ്ങൾ എങ്ങനെയാണ് ഇത്ര സ്പീഡിൽ പറയാൻ കഴിയുന്നത്?' അദ്ദേഹത്തിന്റെ ഈ ചോദ്യത്തെ കുറിച്ച് പിന്നിട് അച്ചൻ എന്നോട് പറയുകയുണ്ടായി.

നൂറാമത് വീട് പണിതതും പുതുപ്പള്ളി നിയോജകമണ്ഡലത്തിലാണ്. അന്നും അദ്ദേഹമാണ് അതിന്റെ ഉത്ഘാടനത്തിനു വന്നത്. അല്പ സമയം കൂടി എടുത്തിട്ടു വേണമായിരുന്നു ആരംഭിക്കുവാൻ, അപ്പോൾ ഞങ്ങൾ രണ്ടുപേരും ഒരുമിച്ചിരുന്നു പൊതുകാര്യങ്ങൾ സംസാരിക്കുകയുണ്ടായി. സേവനം , ജന സേവനം, സ്നേഹത്തോടുള്ള സേവനം ഇതാണ് ഒരു ലീഡറിന്റെ ലക്ഷണമെന്നും അദ്ദേഹം പറഞ്ഞു. ജനങ്ങളെ സ്നേഹത്തോടെ സേവിക്കുകയാണ് ഒരു ലീഡർ ചെയ്യേണ്ടത്. രണ്ടാമത്തെ കാര്യമാണ് ബാക്കി എല്ലാം ഇത് യേശു ക്രിസ്തു പഠിപ്പിച്ച മാതൃകയാണ്. മറ്റുള്ളവരെ സ്നേഹിക്കുകയും, ശത്രുവിനെ പോലും സ്നേഹിക്കുകയും, സ്നേഹത്തോടെ കൂടെ പെരുമാറുകയും ആവശ്യത്തിലിരിക്കുന്ന ജനങ്ങൾക്ക് അവരുടെ ആവശ്യം മനസ്സിലാക്കി അവരെ സഹായിക്കുകയും വേണം. ഈ ജീവിത ലക്ഷ്യമായിരുന്നു ഉമ്മൻ ചാണ്ടി സാറിനുള്ളത്. അദ്ദേഹം കടന്നു പോയതിൽ അതിയായ ദുഃഖമുണ്ട് എങ്കിലും അദ്ദേഹം ചെയ്ത കാര്യങ്ങൾ നന്ദിപൂർവ്വം ഓർക്കുന്നു.

## ഉമ്മൻചാണ്ടി സാറിന്റെ വിയോഗം പ്രവാസികൾക്കു തീരാനഷ്ടം : പി വൈ പിഎ യു എ ഇ റീജിയൻ

ഷാർജ :ഉമ്മൻചാണ്ടി സാറിന്റെ വിയോഗം പ്രവാസികൾക്കു തീരാനഷ്ടമെന്നു പി വൈ പിഎ യു എ ഇ റീജിയൻ ഭാരവാഹികൾ അനുശോചനം രേഖപ്പെടുത്തി. പ്രവാസികളുടെ ഒട്ടേറെ വിഷയങ്ങളിൽ ശ്രേദ്ധേയമായ ഇടപെടലുകൾ നടത്തിയ അസാമാന്യ വ്യക്തിത്വത്തിനു ഉടമയായിരുന്നു അദ്ദേഹം. ഏതു പ്രതിസന്ധി ഘട്ടങ്ങളിലും ദൈവത്തിൽ അടിയുറച്ചു ആശ്രയിച്ച വ്യക്തി എന്ന നിലയിൽ മറ്റുള്ള രാഷ്ട്രീയനേതാക്കളിൽ നിന്ന് തന്നെ വ്യത്യസ്തനാക്കി. സൗമ്യ നും മാന്യനുമായിരുന്ന ഒരു ഭരണ കർത്താവായിയിരുന്നു ഉമ്മൻ ചാണ്ടി സാർ എന്നും അദേഹത്തിന്റെ വിയോഗം കേരള ജനതക്ക് എന്നും തീരാ നഷ്ടം തന്നെയാണ് എന്നും പി വൈ പി എ യു എ ഈ റീജിയൺ അനുശോചിക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും കേരള ജനതയുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി റീജിയൻ പി വൈ പി എ പ്രസിഡന്റ് പാസ്റ്റർ ഷിബു മുണ്ടപ്ലാക്കൽ അറിയിച്ചു.

## ജനസമ്മതനായ നേതാവ്

**പാസ്റ്റർ എബ്രഹാം ജോസഫ്. നാഷണൽ പ്രസിഡന്റ് ,ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്**



മുൻ കേരളാ മുഖ്യമന്ത്രി ബഹുമാന്യ ഉമ്മൻ ചാണ്ടി സാറിന്റ നിര്യാണത്തിൽ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.
കേരളത്തിൽ ഇതുപ്പോലെ ജനസമ്മതനായ ഒരു നേതാവിനെ ഇതുവരെയും കണ്ടിട്ടില്ല. അദ്ദേഹത്തിൽ നിന്ന് മാതൃകാപരമായ അനേക കാര്യങ്ങൾ പഠിക്കാനുണ്ട്,
ശത്രുകളെപ്പോലും സ്നേഹിക്കണമെന്ന യേശു ക്രിസ്തുവിന്റെ പഠിപ്പിക്കൽ അദ്ദേഹത്തിന്റെ ജീവിതം കൊണ്ട് നമ്മെ കാണിച്ചു തന്നു. എല്ലാവരോടും ക്ഷമിക്കുക, എല്ലാവരേയും സ്നേഹിക്കുക, അശരണർക്കും ആലംബഹീനർക്കും വേണ്ടുന്നതായ സഹായങ്ങൾ നൽക്കുക എന്നിങ്ങനെയുള്ള ഗുണങ്ങൾ ഉമ്മൻ ചാണ്ടി സാറിൽ നമ്മുക്ക് ദർശിക്കാൻ സാധിക്കും.
അദ്ദേഹം അറിഞ്ഞ സത്യത്തിൽ ദൈവത്തെ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. എല്ലാ ജനവിഭാഗങ്ങളെയും ഒന്നായി കാണാനുള്ള അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമാണ്.ശാരോൻ ഫെല്ലോഷിപ്പ് ചർച്ചുമായും ഉമ്മൻ ചാണ്ടി സാറിന് അടുത്ത ബന്ധം ഉണ്ടായിരുന്നു.

# പെന്തക്കോസ്തു സമൂഹത്തിന്റെ നല്ലൊരു സ്നേഹിതനായിരുന്നു

**റവ. ഡോ. ഒ.എം രാജുക്കുട്ടി**
President, WME Church

അന്തരിച്ച ബഹുമാന്യനായ നമ്മുടെ മുൻ മുഖ്യ മന്ത്രി ഉമ്മൻ ചാണ്ടി അവറുകളെ കുറിച്ച് ഓർക്കുമ്പോൾ പല ഓർമ്മകൾ എന്റെ ഹൃദയത്തിൽ ഉണ്ട്.



അദ്ദേഹവുമായി പല സന്ദർഭങ്ങളിൽ നേരിട്ട് ഇടപഴകുവാനും സംസാരിക്കുവാനും പല കാര്യങ്ങളിൽ പ്രത്യേകിച്ച് പെന്തക്കോസ്തു സമൂഹത്തിന്റെ പല പൊതു പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാനും ചർച്ച ചെയ്യുവാനും കഴിഞ്ഞിട്ടുണ്ട്. പെന്തക്കോസ്ത് ഇന്റർ ചർച്ച് കൗൺസിലിന്റെ നേതൃത്വത്തിൽ സഭാ ലീഡേഴ്സിന്റെ ഒരു പ്രതിനിധി സംഘം അദ്ദേഹത്തെ പോയി കണ്ടത് ഞാൻ ഓർക്കുന്നു. പെന്തക്കോസ്തു സമൂഹത്തിനു വിദ്യാഭ്യാസ സമൂഹത്തിനു അതുപോലെയുള്ള കാര്യങ്ങളിൽ സഹായിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനു അദ്ദേഹം പൂർണ്ണ പിന്തുണയാണ് നൽകിയത്. പെന്തക്കോസ്തു സമൂഹത്തിന്റെ പല പൊതു കാര്യങ്ങൾ സെമിത്തേരി സംബന്ധമായ വിഷയങ്ങൾ, വിവിധ സാമൂഹിക പ്രശ്നങ്ങൾ സംസാരിക്കുന്നതിനായി അദ്ദേഹത്തിന്റെ വീട്ടിലും തിരുവനന്തപുരത്തുള്ള ഓഫീസിലും പോകുവാൻ കഴിഞ്ഞിട്ടുണ്ട്. നല്ല വ്യക്തിത്വന്റെ ഒരു ഉടമ, ഒരു ജനകീയ നേതാവ് ജനങ്ങളുടെ ഏത് പ്രശ്നവും പരിഹരിക്കാൻ കാത് കൊടുക്കുന്ന ഒരാള്. കേൾക്കുന്ന കാര്യങ്ങൾ പ്രവർത്തി പധത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന ഒരു നല്ല നേതാവ്. ജനങ്ങൾക്ക് ഏത് സമയവും സമീപിക്കാവുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമ ആയിരുന്നു ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ വിയോ?ഗം തീർച്ചയായും മലയാളികൾക്ക് എല്ലാവർക്കും വലിയ ഒരു നഷ്ടമാണ്. സഭാ രാഷ്ട്രീയ ഭേദമന്യേ സകല ആളുകളും അദ്ദേഹത്തെ ഒരു ഉത്തമ നേതാവായിട്ട് ഒരു മാതൃകാ വ്യക്തിയായിട്ടാണ് കാണുന്നത്. അദ്ദേഹത്തിന്റെ വിയോ?ഗത്തിൽ ഡബ്ല്യൂ എംഇ പ്രസ്ഥാനത്തിന്റെ പേരിലും പെന്തക്കോസ്ത് ഇന്റർ ചർച്ച് കൗൺസിലിന്റേയും പേരിലുള്ള അനുശോചനം അറിയിക്കുന്നു. പെന്തക്കോസ്തു സമൂഹത്തിന്റെ നല്ലൊരു സ്നേഹിതനായിരുന്നു . ഡബ്ല്യൂഎംഇ പ്രസ്ഥാനത്തിന്റെ പല വിഷയങ്ങളിൽ അദ്ദേഹം സഹായം ചെയ്തത് നന്ദിയോടെ ഓർക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയേയും കുടുംബത്തേയും ദൈവം ആശ്വാസം കൊണ്ട് നിറയ്ക്കട്ടെ എന്ന് പ്രർത്ഥിക്കുന്നു



# ജനകിയനായ ഒരു നേതാവായിരുന്നു

**പാസ്റ്റർ ടി ജെ സാമുവേൽ**
Superintendent



കേരള മുൻ മുഖ്യ മന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അസംബ്ലീസ് ഓഫ് ഗോഡ് സമൂഹം അനുശോചനം രേഖപ്പെടുത്തുന്നു.
കേരത്തിനു വേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങളെ ഞങ്ങൾ ഓർക്കുന്നു. ജനകിയനായ ഒരു നേതാവായിരുന്നു അദ്ദേഹം. ആർക്കും ഏത് സമയത്തും സമീപിക്കാവുന്ന ഒരു നേതാവ്. ദൈവവിശ്വസിയായ ഒരു ക്രിസ്തീയ മുഖ്യ മന്ത്രി . ഒരു സമയത്ത് അദ്ദേഹത്തിനു ഒരു അപകടം പറ്റി ഇരുന്നപ്പോൾ അദ്ദേഹത്തെ പോയി കണ്ട് പ്രാർത്ഥിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. അസംബ്ലീസ് ഓഫ് ഗോഡ് പ്രസിദ്ധീകരിച്ച ഒരു സ്റ്റഡി ബൈബിളും അദ്ദേഹത്തിനു സമ്മാനിക്കുവാൻ അന്ന് സാധിച്ചു. 2015 ൽ അസംബ്ലീസ് ഓഫ് ?ഗോഡ് മലയാളം ഡിസ്ട്രിക്കിന്റെ ശദാപ്തി സമ്മേളനം ആഘോഷിച്ചപ്പോൾ അതിനുള്ള ക്രമീകരണങ്ങൾക്ക് അദ്ദേഹം സഹായം ചെയ്തു തരികയും ആ സമ്മേളനത്തിൽ വന്ന് സഹകരിക്കുയും സംസാരിക്കുകയും ചെയ്തു. ദൈവഭക്തയായ പ്രാർത്ഥിക്കുന്ന ഒരു സ്ത്രീയാണ് അദ്ദേഹത്തിന്റെ ഭാര്യ. അദ്ദേഹത്തിന്റെ വിയോ?ഗത്തിൽ ദൈവം ഈ കുടുംബത്തെ ആശ്വസിപ്പിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# പാസ്റ്റർമാർ എങ്ങനെ വേഗത്തിൽ പ്രസംഗിക്കുമെന്ന് ഉമ്മൻ ചാണ്ടി



രാഷ്ട്രീയക്കാർക്ക് ചിന്തിച്ച് സമയമെടുത്ത് മാത്രം പ്രസംഗിക്കാൻ കഴിയുമ്പോൾ പാസ്റ്റർമാർക്ക് എങ്ങനെ വേഗത്തിൽ പ്രസംഗിക്കാൻ കഴിയുമെന്ന് ഒരിക്കൽ കുമ്പനാട് കൺവൻഷനിലെത്തിയ ശ്രീ ഉമ്മൻ ചാണ്ടിയുടെ ചോദ്യമാണ് സഭയുടെ മുൻ അന്തർദേശീയ പ്രസിഡന്റും തിരുവല്ല സെന്റർ ശുശ്രൂഷകനും പവർവിഷൻ ചാനൽ ചെയർമാനുമായ പാസ്റ്റർ ഡോ.കെ.സി. ജോണിന്റെ ഓർമ്മയിൽ വരുന്നത്. എന്നും സഭയുടെ ആത്മമിത്രമായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് പാസ്റ്റർ ഡോ. കെ.സി. ജോൺ പറഞ്ഞു. പവർവിഷൻ ചാനലിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ആദ്യ ഭവനത്തിന്റെ താക്കോൽദാന ചടങ്ങ് നിർവഹിച്ചത് ഉമ്മൻ ചാണ്ടിയായിരുന്നു. എന്നും സാധാരണക്കാരോടൊപ്പം നിന്നിരുന്ന ഉമ്മൻ ചാണ്ടി അവരുടെ എല്ലാം കണ്ണിരൊപ്പാനും കഴിഞ്ഞിരുന്നു. ആ കരുതലാണ് തന്റെ മരണാനന്തരവും ഇത്രയും ജനസാഗരം ഒഴികിയെത്തുന്നതെന്ന് പാസ്റ്റർ കെ.സി. ജോൺ പറഞ്ഞു

# KERALA STATE CRYM
## മെംബെർഷിപ് ക്യാമ്പയിൻ ആരംഭിച്ചു




ആയുർ : ചർച്ച് ഓഫ് ക്രൈസ്റ്റ് സഭയുടെ യുവജന വിഭാഗമായ ക്രിസ്ത്യൻ റിവൈവൽ യൂത്ത് മൂവ്മെന്റ്ന്റെ കേരള സ്റ്റേറ്റിന്റെ മെംബെർഷിപ് ക്യാമ്പയിൻ ആരംഭിച്ചു. ഇന്നലെ വാളകത്ത് മേഴ്‌സി ഹോസ്പിറ്റൽ ചാപ്പലിൽ നടന്ന പുതിയ സ്റ്റേറ്റ് കമ്മിറ്റിയുടെ പ്രവർത്തനദ്ഘാടനത്തിലാണ് ക്യാമ്പയിൻ ചർച്ച് ഓഫ് ക്രൈസ്റ്റ് സഭയുടെ വൈസ് പ്രസിഡന്റ് ഡോ റോയ് അലക്സാണ്ടറും,ജനറൽ സെക്രട്ടറി പാസ്റ്റർ ജോർജ് റ്റി കുര്യാനും ചേർന്ന് ഇഞഥങസ്റ്റേറ്റ് വൈസ് പ്രസിഡന്റ് EVG, സ്റ്റാൻലി അലക്സിനു കൈമാറിയത് സെപ്റ്റംബർ 15 നു ക്യാമ്പയിൻ സമാപിക്കും..

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

